# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുത്താളി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി7/2118/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 29/11/2022
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
കൂത്താളി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കൂത്താളി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൂത്താളി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി7/2118/2022 തീയ്യതി: 29/11/2022

## കോഴിക്കോട് ജില്ലയിലെ കുത്താളി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കുത്താളി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 08-05-2022 മുതൽ 24-10-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ കെപി രതനസിംഗ് | ഡെപ്യൂട്ടി ഡയരക്ടർ | 25-10-2022 | 31-10-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 25-10-2022 | 31-10-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. കെ.എം ബാലകൃഷ്ണൻ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ.എൻ രാജീവൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. വിജേഷ് കെ.കെ, ഓഡിറ്റർ
ശ്രീമതി. ജിഷ പി,ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി ബിന്ദു കെ.കെ | ചെയർപേഴ്സൺ | 01-04-2021 | 31-03-2022 |
| ശ്രീ. ഷാജി എം സ്റ്റീഫൻ | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. ധന്യ മാധവൻ | വി.ഇ.ഒ | 01-04-2021 | 31-03-2022 |
| ശ്രീമതി സബിത | വി.ഇ.ഒ , പനക്കാട് സർക്കിൾ | 01-04-2021 | 31-03-2022 |
| ശ്രീ. ശിശിർ | അസി.എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ഡോ. ശബരീഷ് | വെറ്ററിനറി സർജൻ,വെറ്ററിനറി ഡിസ്പൻസറി,കിഴക്കൻ പേരാമ്പ്ര | 01-04-2021 | 31-03-2022 |
| ഡോ.കിടാവ് ദർശൻ നാരായൺ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2021 | 31-03-2022 |
| ഡോ. ജിബിൽ പി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| ശ്രീമതി ഷീന | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 01-04-2021 | 31-03-2022 |
| ശ്രീ. രമേശ്ബാബു വി.കെ | ഹെഡ്മാസ്റ്റർ | 01-04-2021 | 31-03-2022 |
| ശ്രീ. മഹേഷ് | ഡി.എഫ്.ഐ | 01-04-2021 | 31-03-2022 |
| ശ്രീ. അമൽ എസ്.ഡി | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |

.

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക കണക്ക് | 1-2 |
| 3 | വാർഷിക കണക്കിലെ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ | 1-4-1 |
| 7 | പദ്ധതി അവലോകനം | 1-5 |
| 8 | ആഭ്യന്തരനിയന്ത്രണം | 1-6 |
| 9 | ക്യാഷ് പരിശോധന | 1-7 |
| 10 | എഫ്.ടി.ഇ&ഒ.എസ് ഇല്ലാതെ സ്ഥാപനം പ്രവർത്തിക്കുന്നു | 1-8 |
| 11 | തനത് വരുമാന വർദ്ധന- നികുതി പുന:പരിശോധനയും സേവന ഉപനികുതി ഏർപ്പെടുത്തലും | 1-9 |
| 12 | പഞ്ചായത്ത് ഭൂമിക്ക് കരമടവാക്കിയില്ല – ഭൂമി അന്യാധീനപ്പെടാൻ സാധ്യത | 1-10 |
| 13 | പെൻഷൻ അർഹത പുന:പരിശോധന സമയബന്ധിതമായി നിർവ്വഹിക്കുന്നില്ല | 1-11 |
| 14 | അജൈവ മാലിന്യ പരിപാലന പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-12 |
| 15 | എം ജി എൻ ആർ ഇ ജി എസ് പദ്ധതി - നടത്തിപ്പിലെ അപാകതകൾ | 1-13 |
| 16 | ആശ്രയ, അഗതി രഹിത കേരളം പദ്ധതി -നിർവ്വഹണത്തിലെ അപാകതകൾ | 1-14 |
| 17 | നെൽകൃഷി കൂലിച്ചെലവ് സബ്സിഡി നൽകിയതിലെ അപാകതകൾ | 1-15 |
| 18 | പ്രാദേശിക സാമ്പത്തിക വികസനം, ഫിഷറീസ് , വനിത വികസനം എന്നീ മേഖലകളിൽ പദ്ധതി നടപ്പാക്കിയില്ല | 1-16 |
| 19 | ഭവന നിർമ്മാണ പദ്ധതി സമയ ബന്ധിതമായി പൂർത്തിയാക്കുന്നതിൽ വീഴ്ച | 1-17 |
| 20 | സർക്കാർ നിർദ്ദേശം മറികടന്ന് ആർജ്ജിതാവധി സറണ്ടർ ചെയ്തു | 1-18 |
| 21 | ആദായ നികുതി ഈടാക്കിയതിൽ കുറവ് | 1-19 |
| 22 | വയോജന കേന്ദ്രം നിർജ്ജീവ ആസ്തിയായി കിടക്കുന്നു | 1-20 |
| 23 | മേശയും കസേരയും വാങ്ങിയതിൽ നടപടിക്രമം പാലിച്ചില്ല | 1-21 |
| 24 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മുഴുവൻ മരുന്ന് ലഭിച്ചില്ല | 1-22 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |

--- No Records Found ---


| ഭാഗം 4 | | |
|---|---|---|
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

കുത്താളി ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ബജറ്റ് 20-02-2021 ലെ 1(1)-ാം നമ്പർ തീരുമാന പ്രകാരവും, പുതുക്കിയ ബജറ്റ് 25-03-2022 ലെ 2(1)-ാം നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചു.

ഓഡിറ്റ് വർഷത്തെ ബജറ്റ് തയ്യാറാക്കിയതിലും, അംഗീകരിച്ചതിലും ബജറ്റിന്റെ വസ്തുതാപരമായ കൃത്യതയിലും അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിന്റെ വിശദാംശം ചുവടെ കൊടുക്കുന്നു.

എ) തനത് വരുമാനം – എസ്റ്റിമേറ്റ് തുക വസ്തുതാപരമല്ല

പ്രധാന തനത് വരുമാന ഹെഡ്ഡുകളിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് വസ്തുതാപരമായല്ല. വ്യതിയാനത്തിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| ഹെഡ്ഡ് | ബജറ്റ് എസ്റ്റിമേറ്റ് | പുതുക്കിയ ബജറ്റ് പ്രകാരം | വാർഷികകണക്ക പ്രകാരം വരവ് |
|---|---|---|---|
| 110 | 27,00,000 | 25,00,000 | 23,81,479 |
| 130 | 3000 | 18,000 | 18,000 |
| 140 | 4,47,000 | 3,83,500 | 431949 |
| 150 | 1,85,000 | 1,25,000 | 192,178 |

നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതിയേതര ചെലവുകളുടേത് ഒഴികെയുള്ള ബജറ്റ് എസ്റ്റിമേറ്റുകൾ തയ്യാറാക്കിയതിന്റെ വർക്ക് ഷീറ്റ് ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ബി) ബജറ്റ് എസ്റ്റിമേറ്റിൽ നിന്നുള്ള വ്യതിയാനങ്ങൾ – ബജറ്റ് പുതുക്കുന്നില്ല

കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 295(5) പ്രകാരം ഒരു വർഷത്തിനിടക്ക് പഞ്ചായത്തിന്റെ വരവിനെയോ ചെലവിനെയോ സംബന്ധിച്ച് ബജറ്റിൽ കാണിച്ച എസ്റ്റിമേറ്റിൽ മാറ്റം വരുത്തേണ്ടത് ആവശ്യമാണെന്ന് കാണുന്നുവെങ്കിൽ പുതുക്കിയ/സപ്ലിമെന്ററി ബജറ്റ് അവതരിപ്പിച്ച് പാസ്സാക്കേണ്ടതാണ്. വരവ്/ചെലവ് വകയിരുത്തലുകളുടെ വ്യതിയാനം, വർഷാവസാനം ബജറ്റ് പുതുക്കുമ്പോൾ ക്രമീകരിച്ചിട്ടില്ല. ചില വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഹെഡ് | ബജറ്റ് പ്രൊവിഷൻ | പുതുക്കിയ ബജറ്റ് പ്രൊവിഷൻ | വാർഷിക കണക്ക പ്രകാരമുള്ളത് |
|---|---|---|---|
| 220 | 6,29,000 | 465657 | 607,978 |
| 230 | 5,80,000 | 9,20,000 | 1,162,410 |

### 1-2 വാർഷിക കണക്ക്

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 18.04.2022 |

1-2-1 വാർഷിക കണക്കിലെ അപാകതകൾ

കുത്താളി ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ വാർഷിക കണക്ക്, അനുബന്ധ രജിസ്റ്ററുകൾ, സാംഖ്യ റിപ്പോർട്ടുകൾ എന്നിവ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) വസ്തുനികുതി ഇ-പെയ്മെന്റ് സംവിധാനം ഉപയോഗിച്ച് നികുതി അടവാക്കുന്ന മുഴുവൻ നികുതികളും യഥാസമയം ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ആവുന്നില്ല. അതുകൊണ്ട് തന്നെ വാർഷികകണക്കിൽ ഈ തുക യഥാസമയം ഉൾപ്പെടുന്നില്ല.

2) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതായ ഭൂമികളുടെ വിവരങ്ങളും ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. ആസ്തി രജിസ്റ്ററിന്റെ അഭാവത്തിൽ വാർഷിക കണക്കിലെ തുകയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

3) ടെണ്ടർ ഫോം ഇനത്തിൽ 2021-22 വർഷം 113072/-രൂപ വരവുണ്ട്. എന്നാൽ വരവ് കൃത്യത ഉറപ്പ് വരുത്തുന്ന രീതിയിൽ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

4) ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ (ബി3)എന്നത് ഫിക്സഡ് അസറ്റിന്റെയും (ബി-11) ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് എന്നതിന്റെയും ആകെ തുകയായിരിക്കണം. എന്നാൽ വാർഷിക കണക്ക് പരിശോധനയിൽ ഇവ തമ്മിൽ 8458115/-രൂപയുടെ വ്യത്യാസം കാണുന്നു.

5) ബി-14 പ്രകാരം ക്ലോസിംഗ് സ്റ്റോക്ക് മൂല്യം 39963/-രൂപയാണ്. എന്നാൽ ഇതിന്റെ ആധികാരികത ഉറപ്പ് വരുത്തുന്ന രീതിയിൽ സ്റ്റോക്ക് രജിസ്റ്റർ വാല്യൂ ബേസ്ഡ് ആക്കി സൂക്ഷിച്ചിട്ടില്ല.

6) 2021-22 വാർഷിക കണക്കിലെ RP-43 പ്രകാരം വസ്തുനികുതി റസിഡൻഷ്യൽ (അരിയർ) ഇനത്തിൽ 212/-രൂപയും നോൺ റസിഡൻഷ്യൽ (അരിയർ) ഇനത്തിൽ 1168/-രൂപയും കലക്ഷൻ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 2020-21 വാർഷിക കണക്ക് B-15 പ്രകാരം വസ്തുനികുതിയിനത്തിൽ കുടിശ്ശികയില്ല.

7)തൊഴിലുറപ്പ് പദ്ധതിയുടെ ചാർട്ടേഡ് അക്കൗണ്ടന്റ് പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ അഡ്മിനിസ്ട്രേറ്റീവ് വരവ് ചെലവുകളും വാർഷിക കണക്കിലെ ചെലവ് തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

8) 2021-22 ലെ വസ്തുനികുതി ഡി.സി.ബി സ്റ്റേറ്റ്മെന്റും വാർഷിക കണക്കുമായി ചുവടെ പരാമർശിച്ച പ്രകാരം വ്യത്യാസം കാണുന്നു.

| | വാർക കണക്ക് പ്രകാരം | ഡി.സി.ബി സ്റ്റേറ്റ്മെന്റ് പ്രകാരം |
|---|---|---|
| റസിഡൻഷ്യൽ (കറന്റ്) | 1034202 | 1040621 |
| റസിഡൻഷ്യൽ (അരിയർ) | 1212 | 1214 |
| നോൺ റസിഡൻഷ്യൽ (കറന്റ്) | 528386 | 530005 |

9) B-4 പ്രകാരം ജോയിന്റ് വെഞ്ചർ പദ്ധതികൾക്കായി ചെലവഴിക്കാൻ തുക നീക്കിയിരിപ്പില്ല. എന്നാൽ ട്രഷറി ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ 5035/- രൂപ നീക്കിയിരിപ്പുണ്ട്.

10) ടെണ്ടർ ഫീ ഇനത്തിലുള്ള വരവ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

11) അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ അടിസ്ഥാന അനുപാതങ്ങൾ എന്നിവ വാർഷിക

കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

12) സി.എഫ്.സി ഗ്രാന്റിന്റെ ട്രഷറി മുഖേനയുള്ള വരവ് ചെലവ് വിശദാംശം വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 6087897 |
| ഓഡിറ്റ് വർഷത്തെ വരവ് | 59188931 |
| ആകെ | 65276828 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 58218362 |
| നീക്കിയിരിപ്പ് | 7058466 |

## 1-4 ഫണ്ട് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ചെലവഴിക്കാത്തതുക |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 9375162 | 9375162 | 9099390 | 275772 |
| വികസന ഫണ്ട് (എസ്.സി. പി) | 0 | 4523485 | 4523485 | 4419343 | 104142 |
| വികസന ഫണ്ട്-സെൻട്രൽ ഫിനാൻസ്കമ്മീഷൻ ഗ്രാന്റ് (Untied) ട്രഷറി മുഖേന | 0 | 3240187 | 3240187 | 2596643 | 643544 |
| വികസന ഫണ്ട്-സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied)ട്രഷറി മുഖേന | 0 | 5965811 | 5965811 | 3970562 | 1995249 |
| വികസന ഫണ്ട്-സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied) PFMS മുഖേന | 0 | 2052457 | 2052457 | 1427128 | 625329 |
| വികസന ഫണ്ട് -സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied)PFMS മുഖേന | 0 | 3031000 | 3031000 | 1876025 | 1154975 |

| | | | | | |
|---|---|---|---|---|---|
| മെയിന്റനൻസ്, റോഡ് | - | 6613000 | 6613000 | 6389483 | 223517 |
| മെയിന്റനൻസ്, നോൺ - റോഡ് | - | 5202519 | 5202519 | 3694206 | 1508313 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് (തൊഴിലാളികളുടെ കൂലി) | 0 | 77476722 | 77476722 | 77476722 | |
| എം.ജി.എൻ.ആർ.ഇ.ജി.എസ് (അഡ്മിനിസ്ട്രേറ്റീവ് ചെലവ്) | 169378 | 1152065 | 1321443 | 1317224 | 4219 |
| ദുരിതാശ്വാസ നിധി | 9828 | 1297 | 11125 | 0 | 11125 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| ഐ.സി.ഡി.എസ് | 311711 | 904157 | 1215868 | 1000000 | 215868 |
| എം.പി.ഫണ്ട് | 135698 | 0 | 135698 | 649 | 135049 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | |
| ശുചിത്വ മിഷൻ ഫണ്ടുകൾ | 1598589 | 0 | 1598589 | 49689 | 1548900 |
| വിമുക്തി ഫണ്ട് | 10432 | 0 | 10432 | 0 | 10432 |
| ജലനിധി | 27895 | 5577 | 33472 | 72 | 33400 |

## 1-4-1 ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ

സർക്കാർ ഉത്തരവ് (കൈ) 16/2021/ത.സ്വ.ഭ.വ. പ്രകാരം ഐ.കെ.എം. തയ്യാറാക്കിയ കുത്താളി ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ഗ്രാന്റ് വിനിയോഗ പത്രികയിലെ വിവരങ്ങൾ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന പൊരുത്തക്കേടുകൾ കാണുന്നു.

ഗ്രാന്റ് വിനിയോഗ പത്രികയിൽ ഉൾപ്പെടുത്തിയ വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി), മെയിന്റനൻസ് ഫണ്ട്(നോൺ-റോഡ്) എന്നിവയുടെ ആകെ അടങ്കൽ (അലോക്കേഷൻ) ഐ.കെ.എം. ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | ഗ്രാന്റ് വിനിയോഗ പത്രികയിലെ തുക | ഐ.കെ.എം. ചെലവ് പത്രികയിലെ തുക |
|---|---|---|
| വികസനഫണ്ട്(ജനറൽ) | 35377629 | 11403544 |
| വികസനഫണ്ട്(എസ്.സി.പി) | 27758141 | 4722000 |

| | | |
|---|---|---|
| മെയിന്റനൻസ് ഫണ്ട്(നോൺ-റോഡ്) | 6874842 | 5523319 |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

തൻവർഷം 127 പ്രൊജക്റ്റുകൾക്ക് അംഗീകാരം ലഭിച്ചതിൽ 113 പ്രൊജക്റ്റുകൾ നടപ്പിലാക്കി. 14 പ്രൊജക്റ്റുകൾ നടപ്പിലാക്കിയില്ല. വികസന ഫണ്ടിനത്തിൽ ചെലവഴിച്ച തുകയുടെ വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| | മുൻ ബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 9375162 | 9375162 | 9099390 | 275772 | 97% |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 4523485 | 4523485 | 4419343 | 104142 | 97.7 |
| വികസന ഫണ്ട്-സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied) ട്രഷറി മുഖേന | 0 | 3240187 | 3240187 | 2596643 | 643544 | 80.14 |
| വികസനഫണ്ട് സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied)ട്രഷറി മുഖേന | 0 | 5965811 | 5965811 | 3970562 | 1995249 | 66.56 |
| വികസനഫണ്ട്-സെൻട്രൽ ഫിനാൻസ് | 0 | 2052457 | 2052457 | 1427128 | 625329 | 69.53 |

| | | | | | | |
|---|---|---|---|---|---|---|
| കമ്മീഷൻ ഗ്രാന്റ് (Untied) PFMS മുഖേന | | | | | | |
| വികസന ഫണ്ട് സെൻട്രൽ ഫിനാൻസ് കമ്മീഷൻഗ്രാന്റ് (Tied)PFMSമുഖേന | 0 | 3031000 | 3031000 | 1876025 | 1154975 | 61.89 |
| മെയിന്റനൻസ്, റോഡ് | - | 6613000 | 6613000 | 6389483 | 223517 | 96.62 |
| മെയിന്റനൻസ്, നോൺ - റോഡ് | - | 5202519 | 5202519 | 3694206 | 1508313 | 71 |

എസ്.സി.പി ഫണ്ട് മുഴുവൻ ചെലവഴിച്ചിട്ടില്ല. വികസനഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ട്രഷറി മുഖേന) എന്നീ ഇനങ്ങളിൽ ലഭിച്ച തുകയിൽ 4750537 രൂപ ചെലവഴിക്കാതെ നഷ്ടപ്പെടുത്തിയിട്ടുണ്ട്. അംഗീകാരം ലഭിച്ച 14 പദ്ധതികൾ താഴെ പറയുന്ന നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയിട്ടില്ല. വിശദവിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | നടപ്പാക്കാത്ത പദ്ധതികളുടെ എണ്ണം |
|---|---|
| സെക്രട്ടറി | 04 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 10 |

അംഗീകാരം ലഭിച്ച പദ്ധതികൾ നടപ്പിലാക്കാത്തതും ലഭിച്ച ഫണ്ട് മുഴുവൻ ചെലവാക്കാത്തതും കാരണം പൊതുജനങ്ങൾക്ക് ലഭിക്കേണ്ട സേവനം യഥാ സമയം ലഭിക്കാതിരിക്കുകയും ലഭിച്ച ഫണ്ട് നഷ്ടപ്പെടുന്നതിനും ഇടയാക്കി. അംഗീകാരം ലഭിച്ച മുഴുവൻ പദ്ധതികളും നടപ്പിലാക്കുന്നുവെന്നും ലഭിച്ച തുക മുഴുവൻ ചെലവാക്കുന്നുവെന്നും ഭാവിയിൽ ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-6 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തരനിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്. പഞ്ചായത്തിൽ ജോലിവിഭജനത്തിന്റെ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് ഉത്തരവാദിത്തങ്ങൾ വിഭജിച്ച് നൽകിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. കാഷ്ബുക്ക്, ഡേബുക്ക് എന്നിവ ദിവസേന സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. ബാങ്ക്, ട്രഷറി അക്കൗണ്ടുകളുടെ പ്രതിമാസ റീക്കൺസിലേഷൻ തയ്യാറാക്കിയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. വിവിധ ഡി.സി.ബി. രജിസ്റ്ററുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്തിലെയും കൈമാറി കിട്ടിയ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ പേരും വിലാസവും രേഖപ്പെടുത്തി സൂക്ഷിക്കേണ്ട ഇൻകുമ്പൻസി മാസ്റ്റർ രജിസ്റ്റർ കൃത്യമായി എഴുതി

സൂക്ഷിച്ചിട്ടില്ല. വൗച്ചറുകൾ പ്രസിഡണ്ട് പരിശോധിച്ച് ആധികാരികമാക്കിയിട്ടുണ്ട്. മുൻകാല ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്ന കാര്യത്തിൽ പഞ്ചായത്തിന്റെ ഭാഗത്തു നിന്നും ഊർജിതമായ നടപടികൾ ഉണ്ടായിട്ടുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിന്റെ കൈവശമുള്ള ഭൂമിയുടെ മുഴുവൻ വിവരങ്ങളും ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. 40 വർഷമായി ഭൂനികുതി ഒടുക്കാത്ത ഭൂമിയുള്ളതായി കാണുന്നുണ്ട്. മുഴുവൻ ഭൂമിയുടെയും ആധാരങ്ങൾ പഞ്ചായത്തിൽ ലഭ്യമല്ല. ആകെ തെരുവ് വിളക്കുകളുടെ എണ്ണം, തരം എന്നിവയുടെ വിശദവിവരങ്ങൾ രേഖപ്പെടുത്തിയ തെരുവ് വിളക്ക് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. വൈദ്യുതി ബോർഡുമായി സംയുക്ത പരിശോധന നടത്തി തെരുവ് വിളക്ക് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

### 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.10.2022 ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 38572/- രൂപ ക്യാഷ് നീക്കിയിരിപ്പ് ബോദ്ധ്യപ്പെട്ടു.

### 1-8 എഫ്.ടി.ഇ&ഒ.എസ് ഇല്ലാതെ സ്ഥാപനം പ്രവർത്തിക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് ഇല്ലാതെയും ലൈസൻസിന്റെ നിബന്ധനകൾക്ക് വിരുദ്ധമായും യാതൊരു സ്ഥലത്തും ഫാക്ടറിയോ വർക്ക് ഷോപ്പോ തൊഴിൽ സ്ഥലമോ നിർമ്മിക്കുവാൻ പാടുള്ളതല്ല. ആയതിനാൽ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള വ്യാപാരങ്ങളുടെയും ഫാക്ടറികളുടെയും വിവരങ്ങളടങ്ങിയ പട്ടിക(ട്രേഡേഴ്സ് ലിസ്റ്റ്) തയ്യാറാക്കേണ്ടതും കാലികമാക്കി സൂക്ഷിക്കേണ്ടതുമാണ്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ കച്ചവട സ്ഥാപനങ്ങളുടെയും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ ശിക്ഷാനടപടികൾ സ്വീകരിക്കുന്നതിനും വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കി സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലോടു കൂടി സൂക്ഷിക്കേണ്ടതാണ്. 2021-22 ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയതിൽ കെട്ടിട ഉടമയുടെ പേരും സ്ഥാപന ഉടമയുടെ പേരും മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. ക്രമ നമ്പർ, സ്ഥാപനത്തിന്റെ പേര്, എന്താവശ്യത്തിനുള്ളതാണെന്നുള്ള വിവരം രേഖപ്പെടുത്തിയിട്ടില്ല. ട്രേഡേഴ്സ് ലിസ്റ്റിൽ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന റേഷൻ കടകളെ ഉൾപ്പെടുത്തിയെങ്കിലും അവയിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല.

മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിൽ(2019-20 ഖ.1.14) കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 205.ബി പ്രകാരം (തൊഴിൽനികുതി) വാണിജ്യ-വ്യവസായാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ ഉടമകൾക്കും നോട്ടീസ് നൽകി വിവരശേഖരണം നടത്തിയും, ഫീൽഡ് തല അന്വേഷണത്തിലൂടെയും ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതും, മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തു എന്നത് ഉറപ്പ് വരുത്തേണ്ടതുമാണെന്ന് പരാമർശിച്ചിരുന്നു. കൂടാതെ ആകെ 2018-19 ൽ അനുവദിച്ച ലൈസൻസുകളിൽ മുഴുവൻ സ്ഥാപനങ്ങളും 2019-20 ൽ ലൈസൻസ് പുതുക്കുന്നതിന് നിയമാനുസൃതമായി അഡ്വാൻസായി ലൈസൻസ് ഫീസ് ഒടുക്കിയിട്ടില്ലെന്നും ഇത് ഉറപ്പു വരുത്തുന്നതിനുള്ള പരിശോധനകൾ നടക്കുന്നില്ല എന്നും പരാമർശിച്ചിരുന്നു. ഓഡിറ്റ് വർഷത്തിലും വാണിജ്യ സ്ഥാപനങ്ങൾ അഡ്വാൻസായി ലൈസൻസ് പുതുക്കുന്നതിൽ വീഴ്ച വരുത്തിയതായി കാണുന്നു. പഞ്ചായത്തിൽ ആകെ 800 ൽ പരം വാണിജ്യ കെട്ടിടങ്ങളിൽ 279 കെട്ടിടങ്ങളിലായി 239 ലൈസൻസുകളാണ് എടുത്തിട്ടുള്ളത്. 2021-22 വർഷം മുൻ വർഷം അനുവദിച്ച 198 ലൈസൻസുകളിൽ 97 എണ്ണം മാത്രമാണ് അഡ്വാൻസായി ലൈസൻസ്

പുതുക്കിയിട്ടുള്ളത്. എന്നാൽ അഡ്വാൻസായി ലൈസൻസ് പുതുക്കിയ S.R.K ഇന്റർലോക്ക്സ് എന്ന സ്ഥാപനം (കെട്ടിട നം.6/102) മുൻകൂറായി ലൈസൻസ് ഫീസ് അടവാക്കുകയും അപേക്ഷ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ അപേക്ഷ പരിശോധിച്ചതിൽ പ്രസ്തുത സ്ഥാപനം മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും എൻ.ഒ.സി ഹാജരാക്കിയിട്ടില്ല എന്ന് കാണിച്ച് 26.6.21 ന് നോട്ടീസ് നൽകിയിട്ടുണ്ട്. ഈ സ്ഥാപനത്തിന് ലൈസൻസ് അനുവദിച്ചിട്ടില്ലാത്തതായി കാണുന്നു. ഈ സ്ഥാപനം നിലവിലും ഇതേ രീതിയിൽ അഡ്വാൻസായി ലൈസൻസ് ഫീ അടവാക്കുകയും മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും എൻ.ഒ.സി ഹാജരാക്കാതെയും പ്രവർത്തിക്കുന്നതായി മനസ്സിലാക്കുന്നു. മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും എൻ.ഒ.സി ഹാജരാക്കാൻ ആവശ്യപ്പെട്ട് 23.4.22 ന് കത്ത് നൽകുകയും 8.7.22 ന് ആയത് ഹാജരാക്കാത്തപക്ഷം പഞ്ചായത്ത് രാജ്(ഫാക്ടറി/വ്യാപാരം /സംരംഭകത്വം/മറ്റ് സേവനങ്ങൾക്ക് ലൈസൻസ് നല്കൽ) ചട്ടങ്ങൾ പ്രകാരംമുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ച് നോട്ടീസ് നൽകുകയും തുടർന്ന് 30.9.2022 ന് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232 ഉം തുടർന്നുള്ള ചട്ടങ്ങളും പ്രകാരം മതിയായ ലൈസൻസോ അനുവാദമോ കൂടാതെയാണ് സ്ഥാപനം നടത്തിവരുന്നെന്നും മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും അനുമതി ഹാജരാക്കാൻ ആവശ്യപ്പെട്ടിട്ടും ആയത് ഹാജരാക്കുകയോ വിശദീകരണം നൽകുകയോ ചെയ്യാത്തതിനാൽ മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും അനുമതി ഹാജരാക്കി ലൈസൻസ് നേടുന്നതുവരെ സ്ഥാപനം അടച്ചുപൂട്ടി വിവരം രേഖാമൂലം അറിയിക്കാൻ ആവശ്യപ്പെട്ട് നോട്ടീസ് നൽകിയതായി കാണുന്നു. ലൈസൻസിന് ആവശ്യമായ രേഖകൾ സമർപ്പിക്കാത്തവരിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കുന്നതായാണ് ഇവിടെ കാണുന്നത്. ലൈസൻസില്ലാതെ സ്ഥാപനം പ്രവർത്തിക്കുന്നത് സംബന്ധിച്ച് തുടർ വിവരങ്ങൾ റിപ്പോർട്ട് ചെയ്യേണ്ടതാണ്. പുതുക്കാനുള്ള ലൈസൻസ് അപേക്ഷകൾ മുൻകൂറായി പുതുക്കി ലൈസൻസ് എടുത്തു പ്രവർത്തിക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതും എല്ലാ വാണിജ്യ സ്ഥാപനങ്ങളും ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതും സ്ഥാപനങ്ങളുടെയും ജീവനക്കാരുടെയും തൊഴിൽനികുതി കൃത്യമായി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതുമാണ്.

## I-9 തനത് വരുമാന വർദ്ധന- നികുതി പുന:പരിശോധനയും സേവന ഉപനികുതി ഏർപ്പെടുത്തലും

കുത്താളി ഗ്രാമപഞ്ചായത്തിൽ 2021-22 ൽ വസ്തുനികുതി ഡിമാന്റ് 1,568,169/- രൂപയും തൊഴിൽ നികുതി ഡിമാന്റ് 813,310/- രൂപയും ഉൾപ്പെടെ ആകെ നികുതി വരുമാനം 2,381,479/- രൂപയാണ്. കൂടാതെ വാടകയിനത്തിലും മറ്റ് ഫീസിനത്തിലുമായി (I-3, I-4b, I-5b) 642,127/- രൂപയും തനത് വരവായി ലഭ്യമായിട്ടുണ്ട്. അതായത് സർക്കാർ പദ്ധതി/ഫണ്ട്/ഗ്രാന്റ് വിഹിതം ഒഴികെ പഞ്ചായത്തിന്റെ ആകെ നികുതി നികുതിയേതര വരുമാനം എന്നത് 2021-22 ൽ 3,023,606/-രൂപയാണ്. 2021-22 സാമ്പത്തിക വർഷം എസ്റ്റാബ്ലിഷ്മെന്റ്, അഡ്മിനിസ്ട്രേറ്റീവ് , ഓപ്പറേഷൻസ് & മെയിന്റനൻസ് (RP-11,RP-12, RP-13) എന്നിവയിലായി 4,109,565/- രൂപ ചെലവ് വന്നിട്ടുണ്ട്. അതായത് സാമ്പത്തിക വർഷം പഞ്ചായത്തിന് പദ്ധതിയിനത്തിലല്ലാതെ മാത്രം 41 ലക്ഷം രൂപയിൽ അധികം ചെലവ് വന്നപ്പോൾ തനത് വരവായി ലഭ്യമായത് 30 ലക്ഷത്തോളം രൂപ മാത്രമാണ്. ഇതിൽ നിന്നും സാമ്പത്തിക വർഷം പഞ്ചായത്തിന്റെ ഒഴിവാക്കാൻ സാധിക്കാത്ത ചെലവുകൾ നിർവ്വഹിക്കുന്നതിനുള്ള തുക പോലും നികുതി നികുതിയേതര വരുമാനമായി ലഭ്യമാവുന്നില്ല എന്ന് വ്യക്തമാവുന്നു. ദൈനംദിന ചെലവുകൾക്ക് സർക്കാർ ഗ്രാന്റിനേയാണ് (ജനറൽ പർപ്പസ് ഗ്രാന്റ് ) ആശ്രയിക്കുന്നത്. മതിയായ തനത് ഫണ്ട് ഇല്ലാത്തതിനാൽ പദ്ധതി രൂപീകരണത്തിൽ തനത് ഫണ്ട് വകയിരുത്തിയിരിക്കുന്നത് ആകെ 13,074/- രൂപയാണ്. ഇത് ചെലവ് പത്രിക പ്രകാരം വാർഷിക പദ്ധതി അടങ്കലിന്റെ 0.0166 ശതമാനം മാത്രമാണ്.

മേൽ വസ്തുതകളിൽ നിന്നും പഞ്ചായത്തിന്റെ നികുതി നികുതിയേതര വരുമാനം വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത വ്യക്തമാണ്. ഇതിന്റെ ഭാഗമായി നടത്തിയ പരിശോധനയിൽ

കുത്താളി ഗ്രാമപഞ്ചായത്തിൽ വരുമാന സ്രോതസ്സുകൾ വളരെ കുറവാണ് എന്ന് മനസ്സിലാവുന്നു. ആകെയുള്ള 13 വാർഡുകളിൽ നിന്നുമുള്ള നികുതി വരുമാനം എന്നത് വസ്തുനികുതിയും തൊഴിൽ നികുതിയും മാത്രമാണ്. സഞ്ചയ സോഫ്റ്റ് വെയറിലെ വിവരങ്ങൾ പ്രകാരം എണ്ണൂറോളം വാണിജ്യ വ്യവസായ കെട്ടിടങ്ങളും ആറായിരത്തിൽപ്പരം റസിഡൻഷ്യൽ കെട്ടിടങ്ങളുമാണ് പഞ്ചായത്തിലുള്ളത്. വരുമാനം വർദ്ധിപ്പിക്കുന്നതിനായി പ്രാഥമികമായി ചെയ്യാവുന്നത് ലഭ്യമായ മുഴുവൻ ഡിമാന്റുകളും പഞ്ചായത്തിൽ ലിസ്റ്റ് ചെയ്യപ്പെട്ടു എന്ന് ഉറപ്പ് വരുത്തലാണ്. എന്നാൽ പഞ്ചായത്തിലെ നികുതി, ലൈസൻസ് എന്നിവയുടെ വരവ് രജിസ്റ്ററുകളുടെയും രേഖകളുടെയും പരിശോധനയിൽ മുഴുവൻ ഡിമാന്റുകളും പഞ്ചായത്തിൽ കൃത്യമായി ലിസ്റ്റ് ചെയ്യപ്പെട്ടിട്ടില്ല എന്ന് ചുവടെ കൊടുത്ത ഉദാഹരണങ്ങളിൽ നിന്നും വ്യക്തമാവുന്നു.

1) തൊഴിൽ നികുതി -ലൈസൻസ് ഫീ

പഞ്ചായത്തിൽ എണ്ണൂറിൽപ്പരം വാണിജ്യ/വ്യവസായ കെട്ടിടങ്ങൾ ഉണ്ടായിട്ടും 279 കെട്ടിടങ്ങളിലായി 239 സ്ഥാപനങ്ങൾക്ക് മാത്രമാണ് എഫ്.ടി.ഇ & ഒ ലൈസൻസ് അനുവദിച്ചിരിക്കുന്നത്. ഈ 239 സ്ഥാപനങ്ങളിൽ 237 സ്ഥാപനങ്ങളിൽ നിന്നു മാത്രമാണ് സ്ഥാപന തൊഴിൽനികുതി ഈടാക്കിയിരിക്കുന്നത്. എന്നാൽ ഈ എല്ലാ സ്ഥാപനങ്ങളിലെയും തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ മുഴുവൻ ജീവനക്കാരിൽ നിന്നും/കെട്ടിട ഉടമകളിൽ നിന്നും/വരുമാനമാർജിക്കുന്നവരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല എന്ന് കാണാം. പഞ്ചായത്തിൽ വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിലും ആകെയുള്ള എണ്ണൂറോളം വാണിജ്യ കെട്ടിടങ്ങളിൽ അഞ്ഞൂറിലധികം കെട്ടിടങ്ങളിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നത് പുന:പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണെന്നും ഇവയിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ അവയിൽ നിന്നും ലൈസൻസ് ഫീ, തൊഴിൽ നികുതി എന്നിവ ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ് എന്നും ഓഡിറ്റ് വിലയിരുത്തുന്നു.

2) വസ്തു നികുതി

പഞ്ചായത്തിലെ വസ്തുനികുതി കണക്കാക്കുന്ന സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ നിന്നും വസ്തുനികുതി അസസ്സ്മെന്റിൽ അപാകതകളുണ്ട് എന്ന് ചുവടെ കൊടുത്ത ഉദാഹരണത്തിൽ നിന്നും വ്യക്തമാകുന്നു. അതായത് ഓഡിറ്റ് പിരീഡിന് മുൻപുള്ള വർഷങ്ങളിലുള്ളതും നികുതി പരിഷ്കരണത്തിന് ശേഷം നികുതി കണക്കാക്കിയതുമായ, ഒരാളുടെ തന്നെ ഉടമസ്ഥതയിലുള്ള 100 ചതുരശ്ര മീറ്ററിൽ അധികം വിസ്തീർണ്ണവുമുള്ള വാണിജ്യ ഗണത്തിൽപ്പെട്ട കെട്ടിടങ്ങളുടെ ഒരു കെട്ടിടത്തിലെ മുറികൾക്ക് വ്യത്യസ്ഥ കെട്ടിട നമ്പർ നൽകിയപ്പോൾ നികുതി നിരക്ക് കണക്കാക്കുന്നതിനായി കെട്ടിടത്തെ ആകെ പരിഗണിക്കാതെ ചെറിയ മുറികളായി നമ്പർ നൽകി 100 ച.മീറ്ററിൽ കുറവുള്ള കെട്ടിടത്തിന്റ കുറഞ്ഞ നികുതി നിരക്ക് നൽകി കുറഞ്ഞ നികുതി കണക്കാക്കിയതായി കാണാൻ കഴിഞ്ഞു. വിശദ വിവരം ചുവടെ പട്ടികയിൽ കൊടുക്കുന്നു.

| ക്രമ നം | കെട്ടിട നമ്പർ | കെട്ടിട ഉടമ | കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം (സഞ്ചയ പ്രകാരം) | നികുതി നിർണ്ണയിക്കപ്പെട്ട വർഷം |
|---|---|---|---|---|
| 1 | 1/340 A To M | അനസ് | 106.09 M2 | 2018 II Nd Half,2020 I St Half |
| 2 | 6/155 | നൗഷാദ്,ശശി | 137.45 M2 | 2017 I St Half |

| | | | | |
|---|---|---|---|---|
| | A,B,C,D, F | | | |
| 3 | 6/ 274 B To F | ദാമോദരൻ | 111.03 M2 | 2018 I St Half |
| 4 | 11/1B To G | റഷീദ് | 156.18 M2 | 2017 I St Half |
| 5 | 13/390 A To D | സൂരജ് | 103.5 M2 | 2017 I St Half |
| 6 | 13/410 A,B,C | ഷൈജു | 123.21 M2 | 2017 I St Half |

സഞ്ചയയിലെ റാന്റം പരിശോധനയിൽ ലഭ്യമായ മേൽ ഉദാഹരണങ്ങളിൽ നിന്നു മാത്രം നികുതി കണക്കാക്കിയതിലെ അപാകത മൂലം പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടായതായി വ്യക്തമാവുന്നു.

കൂടാതെ കംപ്ലീഷൻ പ്ലാൻ സമർപ്പിച്ച് നികുതി അടവാക്കിയ ശേഷം കെട്ടിടത്തിൽ ഘടനാപരമായ മാറ്റം വരുത്തിയ കെട്ടിടങ്ങൾ ഉണ്ടാവാനുള്ള സാധ്യത വളരെ കൂടുതലാണ്. ഇതിന് പുറമെ വസ്തുനികുതി കണക്കാക്കാനായി സഞ്ചയയിൽ രേഖപ്പെടുത്തിയ റോഡിന്റെ വീതി, മേഖല എന്നീ അടിസ്ഥാന വിവരങ്ങൾ തെറ്റായി രേഖപ്പെടുത്താനുള്ള സാധ്യതയും നിലനിൽക്കുന്നുണ്ട്. കൂടാതെ മേൽത്തരം തറയുള്ളതും 250 ചതുരശ്ര മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ തറ നിലത്തിന്റെ തരത്തിനനുസരിച്ചുള്ള നികുതി വർദ്ധന അസ്സ്സ്മെന്റിൽ വരാതിരിക്കാനുള്ള സാധ്യതയും നിലനിൽക്കുന്നു.

ഇതിനാൽ നിലവിൽ പഞ്ചായത്തിൽ ഡിമാന്റ് ചെയ്തിട്ടുള്ള നികുതികളുടെ ഡിമാന്റ് കൃത്യത പുന:പരിശോധിക്കേണ്ടത് അത്യാവശ്യമാണ് എന്ന് വ്യക്തമാണ്. ഇതിനായി നികുതി/ഉപനികുതി ഒഴിവാക്കി നൽകിയ കെട്ടിടങ്ങൾ ഉൾപ്പെടെ മുഴുവൻ കെട്ടിടങ്ങളിലും പുന:പരിശോധന നടത്തേണ്ടതും നികുതി കണക്കാക്കിയതിൽ ഡിമാന്റിൽ ഉൾപ്പെടാതെപോയ മേൽ പരാമർശിച്ച അപാകതകളുണ്ടോ എന്ന് പരിശോധിക്കേണ്ടതും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന എല്ലാ വാണിജ്യ കെട്ടിടങ്ങളും പഞ്ചായത്ത് ലൈസൻസ് തൊഴിൽനികുതി പരിധിയിൽ വന്നു എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. ഇതിനായി പഞ്ചായത്തിലെ വാർഡ് ചുമതല നൽകിയ 5 എൽ.ഡി ക്ലാർക്കുമാർക്ക് വിശദമായ ജോലി വിഭജനം നൽകേണ്ടതും ഫീൽഡ് പരിശോധനാ പുരോഗതി ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കൃത്യമായി വിലയിരുത്തേണ്ടതുമാണ്.

പഞ്ചായത്തിൽ മറ്റ് പ്രധാന വരുമാന സ്രോതസ്സുകൾ ഇല്ലാത്ത സാഹചര്യത്തിൽ 1994 ലെ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 207(1), സേവന ഉപ നികുതി ചട്ടം 26, 27 എന്നിവ പ്രകാരം കെട്ടിടം സ്ഥിതി ചെയ്യുന്ന പ്രദേശത്ത് ഏർപ്പെടുത്തിയിരിക്കുന്ന സേവനങ്ങൾക്ക് വസ്തുനികുതിയുടെ 10% ത്തിൽ അധികരിക്കാത്ത നിരക്കിൽ സേവന ഉപനികുതി ഏർപ്പെടുത്താവുന്നതും അതു വഴി വരുമാന വർദ്ധനവ് ഉറപ്പ് വരുത്താവുന്നതുമാണ്.

മേൽ പരാമർശിച്ച കാര്യങ്ങളിൽ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ വിശദമാക്കേണ്ടതാണ്.

1-10 പഞ്ചായത്ത് ഭൂമിക്ക് കരമടവാക്കിയില്ല – ഭൂമി അന്യാധീനപ്പെടാൻ സാധ്യത

ഗ്രാമപഞ്ചായത്ത് വിവിധ ആവശ്യങ്ങൾക്കായി മുൻകാലങ്ങളിൽ ആർജ്ജിച്ച ഭൂമിയുടെ രേഖകൾ സൂക്ഷിച്ചതായി കാണുന്നില്ല. വാർഡ് മൂന്നിൽ ഡോക്യുമെന്റ് നമ്പർ 685/1 പ്രകാരം 30.03.1982 ൽ പഞ്ചായത്ത് വാങ്ങിയ 61.3/4 സെന്റ് സ്ഥലത്തിന്റെ ഭൂനികുതി നാളിതുവരെ അടച്ചതായി കാണുന്നില്ല. ഈ സ്ഥലത്ത് ജൽജീവൻ മിഷൻ പദ്ധതിക്ക് കുടിവെള്ള ടാങ്ക് നിർമ്മിക്കുന്നതിനായി സ്ഥലം

കൈമാറിയിട്ടുണ്ട്. ഈ സ്ഥലത്തിന്റെ തെക്കുഭാഗത്തായി രണ്ടേക്കറോളം സ്ഥലം ഗ്രാമപഞ്ചായത്തിന്റെതായി ഉണ്ടെന്ന് വാർഡ് മെമ്പർമാർ വാക്കാൽ ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്. എന്നാൽ ഈ സ്ഥലത്തിന്റെ ആധാരം പഞ്ചായത്തിൽ ലഭ്യമല്ല. സ്ഥലത്തിന്റെ ഭൂനികുതി അടച്ചിട്ടില്ല. ഓഡിറ്റിന്റെ ഭാഗമായി 29.10.2022ന് പ്രസ്തുത സ്ഥലം ഓഡിറ്റ് ടീം സന്ദർശിക്കുകയുണ്ടായി. വാർഡ് ഏഴിൽ പഷ്ണിപ്പറമ്പ് എന്ന സ്ഥലത്ത് ഗ്രാമപഞ്ചായത്തിന്റെ അധീനതയിൽ അറുപത് സെന്റ് സ്ഥലം ഉള്ളതായി ബന്ധപ്പെട്ട വാർഡ് മെമ്പർമാർ ഓഡിറ്റിനെ അറിയിക്കുകയുണ്ടായി. ഈ സ്ഥലത്ത് പഞ്ചായത്തിന്റെ ഒരു അങ്കണവാടി പ്രവർത്തിച്ച് വരുന്നുണ്ട്. എന്നാൽ ഇതിന്റെ രേഖയും പരിശോധനയ്ക്ക് ഹാരരാക്കിയിട്ടില്ല.

പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഈ സ്ഥലങ്ങളൊന്നും ഉൾപ്പെട്ടതായി കാണുന്നില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. പ്രസ്തുത സ്ഥലങ്ങൾ അളന്ന് തിട്ടപ്പെടുത്തി, അതിരുകൾ നിർണ്ണയിച്ച് കരമടവാക്കി സംരക്ഷിക്കാത്തപക്ഷം ഭാവിയിൽ ഇവ അന്യാധീനപ്പെടാൻ സാധ്യതയുണ്ട്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-7/21-22/ 29.10.22) മറുപടി സമർപ്പിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ കൈവശത്തിലുള്ള മുഴുവൻ ഭൂമിയും അളന്ന് തിട്ടപ്പെടുത്തി കരമടവാക്കി സംരക്ഷിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

### 1-11 പെൻഷൻ അർഹത പുന:പരിശോധന സമയബന്ധിതമായി നിർവ്വഹിക്കുന്നില്ല

വിവിധ സാമൂഹ്യ സുരക്ഷാ പെൻഷൻ ഫയലുകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ, വ്യക്തികളുടെ പെൻഷൻ അർഹതാ പുന:പരിശോധന സമയബന്ധിതമായി വെക്കുന്നില്ലെന്ന് കാണുന്നു. പഞ്ചായത്തിൽ തന്നെ മരണം രജിസ്റ്റർ ചെയ്തിട്ടും പെൻഷൻ റദ്ദ് ചെയ്യാൻ കാലതാമസം ഉണ്ടാവുന്നതും, പെൻഷൻ റദ്ദാക്കാൻ അപേക്ഷ ലഭിക്കുംവരെ മരണ വിവരം പഞ്ചായത്ത് അറിയാതെ പെൻഷൻ അനുവദിച്ച് വരുന്നതായും കണ്ടു. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

കർഷകതൊഴിലാളി പെൻഷൻ ഗുണഭോക്താവായിരുന്ന കുഞ്ഞിരാമക്കുറുപ്പ് (പെൻഷൻ ഐ.ഡി.നമ്പർ 110250100322) 17.3.22ന് മരണപ്പെട്ട വിവരം ഫയൽ നമ്പർ 3184/22/12.10.22 പ്രകാരമാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ മരണപ്പെട്ട വിവരം 7.4.22ന് പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സേവന പരിശോധിച്ചതിൽ പഞ്ചായത്തിൽ മരണവിവരം രജിസ്റ്റർ ചെയ്തിട്ടും ആഗസ്റ്റ് 2022 വരെ അക്കൗണ്ടിൽ തുക നിക്ഷേപിച്ചിട്ടുള്ളതായി കാണുന്നു. നിലവിൽ പെൻഷൻ റദ്ദ് ചെയ്തതായി കാണുന്നു.എന്നാൽ അനർഹമായി കൈപ്പറ്റിയ പെൻഷൻ തുക തിരിച്ചടച്ചിട്ടില്ല.

ഒരേ സെക്ഷനിൽ തന്നെ ലഭ്യമാവുന്ന വിവരം പെൻഷൻ വിതരണത്തിന് ആധാരമാകുന്നില്ല എന്ന വസ്തുതയാണ് ഇവിടെ വ്യക്തമാവുന്നത്.

പെൻഷൻ റദ്ദ് ചെയ്യാൻ ലഭിച്ച അപേക്ഷകൾ പരിശോധിച്ചതിൽ 953/22/ 8.6.22 നമ്പർ ഫയൽ പ്രകാരം വാർദ്ധക്യപെൻഷൻ കൈപ്പറ്റി വരുന്ന രാജൻ.കെ.സി, പെൻഷൻ ഐ.ഡി.നമ്പർ 110250201250 എന്ന ഗുണഭോക്താവ് 4.3.22ന് മരണപ്പെട്ട വിവരം 8.6.22 വരെ പഞ്ചായത്തിൽ അറിവായിട്ടില്ല. മെയ് 2022 വരെ അക്കൗണ്ടിൽ തുക നിക്ഷേപിച്ചിട്ടുള്ളതായി കാണുന്നു. ഫയൽ നമ്പർ 1691/22/30.3.22 പ്രകാരം വാർദ്ധക്യപെൻഷൻ കൈപ്പറ്റി വരുന്ന ബാലകൃഷ്ണൻ , പെൻഷൻ ഐ.ഡി.നമ്പർ 110250200623 എന്ന ഗുണഭോക്താവ് 10.12.21ന് മരണപ്പെട്ട വിവരം 30.3.22 നാണ് പഞ്ചായത്തിൽ അറിവായത്. ഫെബ്രുവരി 2022 വരെ അക്കൗണ്ടിലേക്ക് തുക കൈമാറിയിട്ടുണ്ട്. സേവന പരിശോധിച്ചതിൽ നിന്നും നിലവിൽ ഈ ഗുണഭോക്താവിന്റെ പെൻഷൻ റദ്ദ് ചെയ്തിട്ടുള്ളതായി കാണുന്നു. എന്നാൽ ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് അധികമായി നിക്ഷേപിച്ച പെൻഷൻ തുക തിരിച്ചടച്ചത് സംബന്ധിച്ച വിവരം ബാങ്കിൽ നിന്നും ലഭ്യമല്ല.

ജി.ഒ(എം.എസ്) നം. 97 /2020/ധന തീ. 23-09-2020 പ്രകാരം മരണപ്പെട്ടവരുടെയും പുനർ വിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം പെൻഷൻ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കാൻ പഞ്ചായത്ത് സെക്രട്ടറിമാർ

ബാധ്യസ്ഥരാണ്. അതിനാൽ പഞ്ചായത്തിൽ നിലവിൽ പെൻഷൻ നൽകിക്കൊണ്ടിരിക്കുന്ന മുഴുവൻ ഗുണഭോക്താക്കളുടെയും വിവരം വാർഡ് മെമ്പർമാരെയും അംഗൻവാടി ജീവനക്കാരെയും ആശാ വർക്കർമാരെയും ഉപയോഗപ്പെടുത്തി മരണപ്പെട്ടവർക്ക് പെൻഷൻ നൽകുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതും തുടർന്നുള്ള എല്ലാ മാസങ്ങളിലും മേൽ സൂചിപ്പിച്ച ഉത്തരവ് പ്രകാരം അങ്കണവാടി/ആശാ വർക്കർമാർ എന്നിവർ മുഖാന്തിരം മരണപ്പെട്ടവരുടെ വിവരങ്ങൾ ശേഖരിച്ച് അതാത് മാസം പെൻഷൻ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ഇതിനായി പ്രത്യേക രജിസ്റ്റർ സൂക്ഷിക്കാവുന്നതുമാണ്. 2020-21 വർഷ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 1-7-1 പ്രകാരം മരണപ്പെട്ടവരുടെ പെൻഷൻ സസ്പെന്റ് ചെയ്യുന്ന എന്ന് ഉറപ്പ് വരുത്തുന്നില്ല എന്ന് പരാമർശിച്ചിരുന്നു. പഞ്ചായത്തിലെ ഡെത്ത് രജിസ്റ്റർ പ്രകാരം മരണം രജിസ്റ്റർ ചെയ്യുന്ന എല്ലാവരെയും പെൻഷൻ ഡേറ്റാ ബേസിൽ നിന്നും ഒഴിവാക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുന്നതിനും മേൽ റിപ്പോർട്ടിൽ നിർദ്ദേശം നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 6.6.22 ന് ആശാവർക്കർമാരുടെ ഒരു യോഗം ചേരുകയും മരണപ്പെടുന്ന ക്ഷേമപെൻഷൻ കൈപ്പറ്റുന്ന ഗുണഭോക്താക്കളുടെ പേരു വിവരം എല്ലാ മാസവും 5-ാം തീയതിക്കകം എച്ച്.ഐ യ്ക്ക് നൽകി ക്രോഡീകരിച്ച് ലഭ്യമാക്കുന്നതിനും , ആധാർ കാർഡ്, ഏത് പെൻഷൻ കൈപ്പറ്റുന്നു, പേര് മേൽവിലാസം എന്നിവ ലഭ്യമാക്കുന്നതിനും ആശാവർക്കർമാരുടെ വാട്ട്സ് ആപ്പ് ഗ്രൂപ്പ് ഉണ്ടാക്കി വിവരം ലഭ്യമാക്കുന്നതിനും തീരുമാനിച്ചു. എന്നാൽ ഇതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ രജിസ്റ്ററിൽ മരണപ്പെട്ടവരുടെ പേരും പെൻഷൻ ഐ.ഡി എന്നിവ രേഖപ്പെടുത്തിയെങ്കിലും ഓരോ മാസത്തെയും വിവരങ്ങൾ മാസം തിരിച്ച് രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ മരണ തീയതി സംബന്ധിച്ച വിശദാംശങ്ങളും ലഭ്യമല്ല. ആയതിനാൽ തന്നെ എത്ര മാസത്തെ പെൻഷൻ അധികം ലഭിച്ചുണ്ടെന്ന് അറിയാൻ സാധിക്കില്ല. പെൻഷൻ ഗുണഭോക്താക്കളുടെ അർഹത പരിശോധന നടത്തേണ്ടതും മരണപ്പെട്ടവരുടെ വിശദ വിവരങ്ങൾ കൃത്യമായും സമയബന്ധിതമായും ശേഖരിച്ച് പെൻഷൻ അധികമായി അനുവദിക്കപ്പെടുന്നില്ല എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

## 1-12 അജൈവ മാലിന്യ പരിപാലന പദ്ധതി നടത്തിപ്പിലെ അപാകതകൾ

അജൈവ മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന പ്രകാരം തുക ചെലവഴിച്ചതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | വി.ഇ.ഒ |
| പ്രൊജക്ട് നം. | 134/22 |
| അടങ്കൽ | 1815714 |
| ഫണ്ട് | CFC |
| ചെലവ് | 1741236/- |
| ബിൽനം. തി. | 1/24.11.21 |

ഗ്രാമപഞ്ചായത്തിലെ അജൈവ മാലിന്യം നീക്കം ചെയ്യുന്നതിനായി നിർവ്വഹണം നടത്തിയ പദ്ധതി ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പദ്ധതി വർഷം ക്ലീൻ കേരള കമ്പനിയുമായി അജൈവ മാലിന്യം നീക്കം ചെയ്യുന്നതിന് കരാറിൽ

ഏർപ്പെട്ടിട്ടുണ്ട്. ഇതു പ്രകാരം 147570 കി.ഗ്രാം അജൈവമാലിന്യം നീക്കം ചെയ്തതിന് മേൽ സൂചിപ്പിച്ച തുക നൽകിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ മാലിന്യത്തിന്റെ തൂക്കം സാക്ഷ്യപ്പെടുത്തിയിട്ടില്ല. കമ്പനിയിൽ നിന്ന് ഇതുമായി ബന്ധപ്പെട്ട് ആദായ നികുതി ഈടാക്കിയിട്ടില്ല

2. അജൈവ മാലിന്യങ്ങൾ തരം തിരിക്കുന്നതിനായ സ്ഥാപിച്ച എം.സി.എഫി ൽ വെച്ച് ഹരിത കർമ്മസേനാംഗങ്ങൾ പ്ലാസ്റ്റിക് തരം തിരിച്ചതായി ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്. ഇത് ക്ലീൻ കേരള കമ്പനിക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഇതിന്റെ വില ഇതുവരെ ഗ്രാമ പഞ്ചായത്തിന് ലഭിച്ചിട്ടില്ല.

3. സ.ഉ.(സാധാ) നം.1496/20/തസ്വഭവ ഉത്തരവിൽ നിർദ്ദേശിച്ച പ്രകാരം ശുചിത്വ മേഖലയിൽ പ്രവർത്തിക്കുന്ന ആക്റ്റിവിറ്റി ഗ്രൂപ്പുകളുടെ കൂട്ടായ്മയായ കൺസോർഷ്യം രൂപീകരിച്ചാണ് ഹരിത കർമ്മസേന പ്രവർത്തിക്കേണ്ടത്. എന്നാൽ ഇത്തരത്തിൽ കൺസോർഷ്യം രൂപീകരിച്ചിട്ടില്ല.

4. ഗ്രാമ പഞ്ചായത്തിലെ മുഴവൻ വീടുകളിൽ നിന്നും പ്ലാസ്റ്റിക് മാലിന്യം ശേഖരിക്കാൻ കഴിയുന്നില്ലെന്ന് ഹരിത കർമ്മസേനാംഗങ്ങൾ ഓഡിറ്റിനെ അറിയിക്കുകയുണ്ടായി. മുഴവൻ വീടുകളിൽ നിന്നും പ്ലാസ്റ്റിക് മാലിന്യം ശേഖരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

5. യൂസർ ഫീ പിരിക്കുന്നതിനായി ഉപയോഗിക്കുന്ന രശീതികൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. രശീതി പ്രസ്സിൽ നിന്ന് അച്ചടിച്ചതിന്റെ ഇൻഡന്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. കളക്ഷൻ തുകകൾ വൈകിയാണ് ബാങ്കിൽ അടയ്ക്കുന്നത്.

6. ഹരിത കർമ്മ സേനാംഗങ്ങൾക്ക് ആവശ്യമായ പരിശീലനം നൽകിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14/21-22 /29.10.22) മറുപടി നൽകിയിട്ടില്ല. ഹരിത കർമ്മസേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കാനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-13 എം ജി എൻ ആർ ഇ ജി എസ് പദ്ധതി - നടത്തിപ്പിലെ അപാകതകൾ

എം.ജി.എൻ.ആർ.ഇ.ജി.എസ് പദ്ധതി പ്രകാരം ഓഡിറ്റ് വർഷങ്ങളിൽ നിർവ്വഹിക്കപ്പെട്ട പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

പദ്ധതി വർഷം 401 പ്രവൃത്തികളാണ് നിർവ്വഹണം നടത്തിയത്. ഇതിൽ 40 പ്രവൃത്തികൾ റോഡ് കോൺക്രീറ്റുമായി ബന്ധപ്പെട്ടതായിരുന്നു. കോൺക്രീറ്റ് മെറ്റീരിയലുകൾ സംഭരിക്കുന്നതിനായി 27.11.2021ന് ഇ ടെണ്ടർ ക്ഷണിച്ചു. സി.ഡി.പ്രകാശ് എന്ന കോൺട്രാക്ടർക്കാണ് ടെണ്ടർ ലഭിച്ചത്. എന്നാൽ ഇയാൾ സമയബന്ധിതമായി മെറ്റീരിയൽ ലഭ്യമാക്കിയില്ല. വീഴ്ചയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് കോൺട്രാക്ടർക്ക് കത്തയച്ചതിനെ തുടർന്ന് രണ്ട് റോഡുകൾക്കാവശ്യമായ സാധനങ്ങൾ ലഭ്യമാക്കി. ഈ രണ്ട് റോഡുകൾ മാത്രമേ പദ്ധതി വർഷം പൂർത്തിയാക്കിയിട്ടുള്ളൂ. പിന്നീട് രണ്ട് റോഡുകൾക്ക് കൂടി ആവശ്യമായ മെറ്റീരിയൽ ഇറക്കിയിട്ടുണ്ട്. ഇങ്ങനെ ആകെ നാല് റോഡുകൾക്കാവശ്യമായ സാധനങ്ങൾ മാത്രമേ കോൺട്രാക്ടർ ലഭ്യമാക്കിയിട്ടുള്ളൂ. ബാക്കി വരുന്ന 36 റോഡു പ്രവൃത്തികളുടെ സാധനങ്ങൾ ഇറക്കിയിട്ടില്ല. 2021-22 വർഷം അംഗീകരിച്ച ആകെ പദ്ധതികളിൽ 40ശതമാനം റോഡു പ്രവൃത്തികൾ ചെയ്യാമായിരുന്നു, എന്നാൽ തുടർ വർഷത്തിൽ ഇത് 10 ശതമാനമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. ഇതുമൂലം ഗ്രാമപഞ്ചായത്തിന് അനേകം തൊഴിൽ ദിനങ്ങൾ നഷ്ടമാകുകയും അതുവഴി നിരവധി ഗ്രാമീണ റോഡുകൾ കോൺക്രീറ്റ് ചെയ്യാമായിരുന്നത് നഷ്ടമാകുകയും ചെയ്തു.കോൺട്രാക്ടർ സമയബന്ധിതമായി റോഡ് പ്രവൃത്തികൾക്കാവശ്യമായ മെറ്റീരിയലുകൾ ലഭ്യമാക്കാതിരുന്നതു കൊണ്ടാണിങ്ങനെ സംഭവിച്ചത്. എന്നാൽ കോൺട്രാക്ടർക്കെതിരെ ഗ്രാമ പഞ്ചായത്ത് നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. അപാകതകൾ വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 13/21-22/ 29.10.22) മറുപടി നൽകിയിട്ടില്ല. തൊഴിലുറപ്പ് പദ്ധതി അഴിമതി രഹിതമായും കാര്യക്ഷമമായും

നടക്കുന്നുവെന്നുറപ്പുവരുത്താനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-14 ആശ്രയ, അഗതി രഹിത കേരളം പദ്ധതി -നിർവ്വഹണത്തിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിൽ 2006 മുതൽ ആശ്രയ പദ്ധതി നടപ്പാക്കി വരുന്നുണ്ട്. വിവിധ വർഷങ്ങളിൽ നടപ്പാക്കിയ പദ്ധതികളുടെയും ഓരോ പദ്ധതിയിലും ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | ആശ്രയ ഒന്നാം ഘട്ടം (2006 - 2009) | പുന:പരിശോധന (2009 - 2013) | തുടർ സേവനം (2013-2016) | ആശ്രയ 2-ാം ഘട്ടം (2016-2019) |
|---|---|---|---|---|
| ഗുണഭോക്താക്കൾ | 40 | 36 | 34 | 54 |
| അടങ്കൽ | 4121000 | 4066500 | 4857120 | 4767940 |
| ചെലവ് | 1643000 | 349376 | 660578 | 699846 |

മേൽ സൂചിപ്പിച്ച കണക്കുകൾ പ്രകാരം മുൻ വർഷങ്ങളിൽ നിർവ്വഹണം നടത്തിയ വിവിധ ആശ്രയ പദ്ധതികളിൽ ചെലവ് കുറവാണെന്ന് കാണാം. പദ്ധതികളിൽ സൂചിപ്പിച്ച സേവന പാക്കേജുകളിലെ മുഴുവൻ ഇനങ്ങളും ഗുണഭോക്താക്കൾക്ക് ലഭ്യമാക്കാത്തതിനാലാണ് ഇത് സംഭവിച്ചത്. എന്നാൽ ഇത് സംബന്ധിച്ച് സി.ഡി.എസ് തലത്തിൽ പരിശോധന നടന്നതായി കാണുന്നില്ല. പദ്ധതികൾ വിലയിരുത്തുന്നതിനായി ആശ്രയ ഉപസമിതി രൂപീകരിച്ചിട്ടുണ്ടെങ്കിലും, ഇതു സംബന്ധിച്ച് ചർച്ച നടന്നതായി കാണുന്നില്ല.

നിലവിൽ അഗതിരഹിത കേരളം പദ്ധതിയാണ് നടന്നുവരുന്നത്. ഇതിന് അംഗീകാരം ലഭിച്ചത് 2019-20 സാമ്പത്തിക വർഷത്തിലാണ്. പദ്ധതി അടങ്കൽ 11338554 രൂപയാണ്. പദ്ധതിയിലെ സേവന പാക്കേജിൽ നിരവധി ഇനങ്ങൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും, ഭക്ഷണത്തിനും വീട് റിപ്പയറിനും മാത്രമേ തുക ചെലവഴിച്ചിട്ടുള്ളൂ. ഇതിൽ ആകെ 84 ഗുണഭോക്താക്കളാണ് ഉൾപ്പെട്ടിരിക്കുന്നത്. ഇതിൽ 79 പേരാണ് ജീവിച്ചിരിപ്പുള്ളത്. 5 പേർ മരിച്ച് പോയതായി സി.ഡി.എസ് ചെയർപേഴ്സൺ ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്. ഇവർക്ക് പ്രൊജക്റ്റിൽ സൂചിപ്പിച്ച ആനുകൂല്യങ്ങൾ ലഭിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച് വ്യക്തതയില്ല. മുൻ വർഷങ്ങളിലെ ആശ്രയ പദ്ധതികളിൽ ഉൾപ്പെട്ട ആനുകൂല്യങ്ങൾ ലഭിക്കാത്ത ഗുണഭോക്താക്കൾ ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (8/21-22/29.10.22) മറുപടി നൽകിയിട്ടില്ല. അഗതിരഹിത കേരളം പദ്ധതിയിലെ മുഴുവൻ ഗുണഭോക്താക്കൾക്കും സേവന പാക്കേജിലെ എല്ലാ ആനുകൂല്യങ്ങളും ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്താനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-15 നെൽകൃഷി കൂലിച്ചെലവ് സബ്സിഡി നൽകിയതിലെ അപാകതകൾ

നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി നൽകുന്നതിന് നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | കൃഷി ഓഫീസർ |
| പ്രോജക്ട് നം. | 126/22 |

| | |
|---|---|
| അടങ്കൽ | 112500/- |
| ഫണ്ട് | വികസന ഫണ്ട് |
| ചെലവ് | 112500/- |
| ബിൽ നം. തി. | 962/22/10.2.22 |

സ.ഉ(കൈ) നം.22/2018/തസ്വഭവ. തി.14.2.2018 പ്രകാരമുള്ള സബ്സിഡി സംബന്ധിച്ച മാർഗ്ഗരേഖയിൽ ഈ പദ്ധതിയുമായി ബന്ധപ്പെട്ട് നടീലും കൊയ്ത്തും ഒഴികെയുള്ള പ്രവർത്തനങ്ങളിൽ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തേണ്ടതാണെന്ന് സൂചിപ്പിച്ചിട്ടുണ്ടെങ്കിലും ഇതിനുള്ള ശ്രമങ്ങൾ നടന്നിട്ടില്ല. ഈ പദ്ധതിയിലെ ഗുണഭോക്താക്കൾ വിള ഇൻഷുറൻസ് തുക മുൻകൂറായി അടയ്ക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും, ഇത് അടയ്ച്ചതായി കാണുന്നില്ല. മോണിറ്ററിംഗ് റിപ്പോർട്ട്, പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം എന്നിവയും ഹാജരാക്കിയിട്ടില്ല. അപാകതകൾ വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16/22/29.10.22) മറുപടി നൽകിയിട്ടില്ല. അപാകതകൾക്ക് തൃപ്തികരമായ വിശദീകരണം നൽകേണ്ടതാണ്.

## 1-16 പ്രാദേശിക സാമ്പത്തിക വികസനം, ഫിഷറീസ് , വനിത വികസനം എന്നീ മേഖലകളിൽ പദ്ധതി നടപ്പാക്കിയില്ല

ഓഡിറ്റ് വർഷം ചെറുകിട – പരമ്പരാഗത തൊഴിൽ മേഖലയിൽ ആവിഷ്കരിച്ച പദ്ധതി നടപ്പാക്കിയിട്ടില്ല. തുടർച്ചയായ വർഷങ്ങളിൽ ഈ പ്രവണത ആവർത്തിക്കുന്നതായി കാണുന്നു. ഗ്രാമപഞ്ചായത്തിലെ പാവപ്പെട്ട ജനവിഭാഗങ്ങളുടെ ദാരിദ്ര്യലഘൂകരണം ലക്ഷ്യമാക്കി ഭരണസമിതി, സ്റ്റാന്റിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ, കുടുംബശ്രീ സംഘടനാ സംവിധാനം എന്നിവയുടെ കൂട്ടായ പ്രവർത്തനത്തിലൂടെ നടപ്പാക്കാമായിരുന്ന ഇത്തരം പദ്ധതികൾ മേൽ സംവിധാനങ്ങളുടെ ജാഗ്രതക്കുറവ് കാരണം നടപ്പാക്കാൻ സാധിച്ചില്ല. കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 166 (1)-ാം ഉപവകുപ്പ് 3-ാം പട്ടിക സി. പ്രകാരം ദരിദ്രരെ കണ്ടെത്തി, പാവപ്പെട്ടവർക്ക് പ്രത്യേകിച്ച് സ്ത്രീകൾക്ക് സ്വയംതൊഴിലും ഗ്രൂപ്പ് എംപ്ലോയ്മെന്റ് പദ്ധതികളും നടപ്പാക്കേണ്ടത് ഗ്രാമപഞ്ചായത്തിന്റെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽപ്പെടുന്നതാണ്. ചെറുകിട വ്യവസായ മേഖലയിൽ പദ്ധതികളാവിഷ്കരിച്ച് നടപ്പാക്കുന്നതിനുള്ള ചുമതല നിറവേറ്റുന്നതിൽ ഗ്രാമപഞ്ചായത്ത് പരാജയപ്പെടാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്

കോവിഡ് കാലത്തെ സാമൂഹിക-സാമ്പത്തിക വെല്ലുവിളികളെ നേരിടുന്നതിനും ഭക്ഷ്യോത്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തോടെയും സർക്കാർ ആവിഷ്കരിച്ച സുഭിക്ഷകേരളം പദ്ധതിയുടെ നിർവ്വഹണ ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. എന്നാൽ ഓഡിറ്റ് വർഷം ഈ മേഖലയിൽ പദ്ധതികൾ നടപ്പാക്കിയതായി കാണുന്നില്ല.

1994 കേരള പഞ്ചായത്ത് രാജ് നിയമം 166-ാം വകുപ്പ് പ്രകാരമുള്ള 3-ാം പട്ടികയിൽ മേഖലാ അടിസ്ഥാനത്തിലുള്ള ചുമതലയിൽ കുളത്തിലെ മത്സ്യസമ്പത്തിന്റെ വികസനവും ശുദ്ധജലത്തിലെയും ക്ഷാരജലത്തിലെയും മീൻവളർത്തലും സമുദ്രവിഭവ വികസനവും നടപ്പാക്കുക എന്നത് ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണ്. എന്നാൽ മുൻകാലങ്ങളിലൊന്നും തന്നെ മേഖലയിൽ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടില്ല. മേൽ വീഴ്ചകൾ മത്സ്യബന്ധന മേഖലയുടെ വികസനത്തിന് തടസ്സം

സൃഷ്ടിച്ചിട്ടുണ്ട്. പദ്ധതി നടപ്പാക്കാത്തതിനുള്ള കാരണം വിശദീകരിക്കേണ്ടതാണ്.

സ.ഉ (കൈ) നം.11/2018/തസ്വഭവ. തി.29.1.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ.6-3 ൽ വനിതകളുടെ സാമൂഹ്യ സാമ്പത്തിക പദവി ഉയർത്തുന്നതിന് ഒരു വനിതാഘടക പദ്ധതി തയ്യാറാക്കേണ്ടതും, അതിനനുസൃതമായ പദ്ധതികൾ തയ്യാറാക്കി നടപ്പാക്കേണ്ടതുമാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ് വർഷം ഇങ്ങനെ ഒരു പദ്ധതി തയ്യാറാക്കിയിട്ടില്ല. സ്ത്രീകളുടെ സുരക്ഷ, സാമ്പത്തിക സ്വാശ്രയത്വം തുടങ്ങിയ മേഖലകളിൽ പദ്ധതികൾ ആവിഷ്കരിച്ച് വനിതകളുടെ സാമൂഹ്യപദവി ഉയർത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തിയതായി കാണുന്നില്ല. ഓഡിറ്റ് വർഷം കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായ പദ്ധതികളിൽ പ്രൊജക്റ്റ് നമ്പർ 70/22 പ്രകാരം എല്ലാ വീട്ടിലും പച്ചക്കറി തൈ വിതരണം (വനിത) പ്രൊജക്റ്റ് നമ്പർ 75/22 പ്രകാരം കിഴങ്ങ് വർഗ്ഗ കിറ്റ് വിതരണം (വനിത) എന്നീ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. മേൽ സൂചിപ്പിച്ച മാർഗ്ഗരേഖ
ഖണ്ഡിക 6-3 (iii) ൽ വനിതകൾക്കും പുരുഷന്മാർക്കും ഒരുപോലെ പ്രയോജനം ലഭിക്കുന്ന പ്രൊജക്റ്റുകൾ വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്താൻ പാടില്ലെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇത് പരിഗണിക്കാതെ പദ്ധതിയിൽ വനിതാ വിഹിതം ഉൾക്കൊള്ളിക്കുക എന്ന ലക്ഷ്യത്തിൽ മാത്രം പദ്ധതികൾ നടപ്പാക്കുന്നത് ശരിയായ നടപടിയല്ല. അപാകതകൾ വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17/21-22/ 29.10.22) മറുപടി നൽകിയിട്ടില്ല. ചില പ്രധാന മേഖലകളിൽ പദ്ധതി നടപ്പാക്കാത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

### 1-17 ഭവന നിർമ്മാണ പദ്ധതി സമയ ബന്ധിതമായി പൂർത്തിയാക്കുന്നതിൽ വീഴ്ച

പദ്ധതി വർഷം നടപ്പാക്കിയ ലൈഫ് ഭവന നിർമ്മാണ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| പദ്ധതിയുടെ പേര് | പ്രൊജക്റ്റ് നം. | അടങ്കൽ | ചെലവ് |
|---|---|---|---|
| ലൈഫ് ഭവന നിർമ്മാണം .ജനറൽ | 43/22 | 20600000 | 1100000 |

ലൈഫ് പദ്ധതിയിൽ 66 ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം നൽകേണ്ടത്. പ്രവൃത്തി ആരംഭിച്ചതിൽ 65 വീടുകൾ പൂർത്തീകരിച്ചു. എന്നാൽ വാർഡ് മൂന്നിലെ ഒരു ഗുണഭോക്താവ് ഇതുവരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. പ്രവൃത്തി പൂർത്തിയാക്കാത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

| പദ്ധതിയുടെ പേര് | പ്രൊജക്റ്റ് നം. | അടങ്കൽ | ചെലവ് |
|---|---|---|---|
| ലൈഫ് ഭവന നിർമ്മാണം .പട്ടികജാതി | 42/22 | 16450000 | 6382047 |

ഈ പദ്ധതിയിൽ 32 ഗുണഭോക്താക്കൾ എഗ്രിമെന്റ് വെച്ചെങ്കിലും 16 പേർ മാത്രമാണ് പ്രവൃത്തി പൂർത്തിയാക്കിയത്. ബാക്കിയുള്ള ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. സ്ഥലം വാങ്ങുന്നതിന് തെരഞ്ഞെടുക്കപ്പെട്ട ഏഴ് ഗുണഭോക്താക്കളിൽ നാലു പേർ മാത്രമേ സ്ഥലം വാങ്ങിയിട്ടുള്ളൂ. ബാക്കി മൂന്നുപേർ സ്ഥലം വാങ്ങിയിട്ടില്ല. ലൈഫ് പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിലുണ്ടായ വീഴ്ചക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 18/21-22/29.10.22) മറുപടി നൽകിയിട്ടില്ല. പദ്ധതി പൂർത്തിയാക്കാൻ സത്വര നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

### 1-18 സർക്കാർ നിർദ്ദേശം മറികടന്ന് ആർജ്ജിതാവധി സറണ്ടർ ചെയ്തു

പഞ്ചായത്തിലെ 7 സ്ഥിരം ജീവനക്കാർ 2021 ജൂൺ മാസത്തിൽ ആർജ്ജിതാവധി സറണ്ടർ ചെയ്തിട്ടുണ്ട്. വൗച്ചർ നമ്പർ 22100156/2-6-2021 പ്രകാരം 294372/-രൂപയാണ് ഇതിനായി ചെലവഴിച്ചത്. വിശദവിവരങ്ങൾ ചുവടെ.

| | പേര് | സറണ്ടർ തുക |
|---|---|---|
| 1 | ഷാനവാസ് ടി, | 57054 |

| | | |
|---|---|---|
| 2 | ലിജീഷ് എ.എൻ | 39516 |
| 3 | ദീപക് | 33633 |
| 4 | സീമ | 33633 |
| 5 | രാധിക എം.വി | 49395 |
| 6 | മനോജൻ | 43623 |
| 7 | ബാബു | 37518 |
| ആകെ | | 294372 |

സ.ഉ.(പി) നം.104/2021/ഫിൻ തി.26-07-2021 പ്രകാരം ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ ഒഴികെയുള്ള സർക്കാർ ജീവനക്കാരുടെ ആർജ്ജിതാവധി സറണ്ടർ ചെയ്യുന്നത് 01-06-2021 മുതൽ 6 മാസത്തേക്ക് മരവിപ്പിച്ചിട്ടുണ്ട്. മേൽ വൗച്ചർ പ്രകാരം ആർജ്ജിതാവധി സറണ്ടർ ചെയ്യുന്നതിനായി ചെലവഴിച്ച 294372/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. തുക തിരിച്ചടയ്ക്കുകയോ സർക്കാർ സാധൂകരണം വാങ്ങേണ്ടതോ ആണ്.

## 1-19 ആദായ നികുതി ഈടാക്കിയതിൽ കുറവ്

മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്ന് ആദായനികുതി ഈടാക്കിയതിൽ കുറവു വന്ന സാഹചര്യങ്ങൾ കാണുന്നുണ്ട്. ഗുണഭോക്തൃസമിതി, കമ്പനി, ഫേം തുടങ്ങിയവരിൽ നിന്ന് 2% വും വ്യക്തികളിൽ നിന്ന് 1% വുമാണ് ആദായനികുതി ഈടാക്കേണ്ടത്. ആദായനികുതി കമ്മീഷണറുടെ 13.05.2020 ലെ നിർദ്ദേശ പ്രകാരം സ്ഥാപനങ്ങളിൽ നിന്ന് 13.05.2020 മുതൽ 31.03.2022 വരെ 1.5% ആദായനികുതി ഈടാക്കിയാൽ മതി. എന്നാൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് ആദായനികുതി ഈടാക്കിയതിൽ കുറവ് കാണുന്നുണ്ട്. വിശദ വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്, പ്രൊജക്ട് നം, എസ്റ്റിമേറ്റ് | കരാറുകാരന്റെ പേര്, അളവു പുസ്തകം, എഗ്രിമെന്റ് തിയ്യതി | പ്രവൃത്തി മൂല്യം, ബിൽ നം. | ഈടാക്കിയ തുക | ഈടാക്കേണ്ടത് | കുറവ് |
|---|---|---|---|---|---|---|
| 1 | മൃഗാശുപത്രിക്ക് ഷീറ്റ് ഇടൽ, 116/21-22, 1,00,000 | കൊയിലാണ്ടി താലൂക്ക് ലേബർ കോൺട്രാക്ട് സൊസൈറ്റി, 141/21-22, 13.10.20 | 69208 (36/04.12.21) | 520 | 1038 | 518 |
| 2 | കണ്ണിപ്പൊയിൽ വണ്ണത്താം മൂഴി | കൈരളി ലേബർ | 570631 (127/24.11.22) | 4280 | 8560 | 4280 |

| | | | | | | |
|---|---|---|---|---|---|---|
| | റോഡ് കോൺക്രീറ്റ്, 40/21-22, 689000 | കോൺട്രാക്ട് സൊസൈറ്റി, 144/21-22, 22.09.21 | | | | |
| 3 | കല്ലിങ്കൽ പാത്തിച്ചാൽ മണിക്കിലൂക്കി താഴെ റോഡ്, 70/21-22, | കൈരളി ലേബർ കോൺട്രാക്ട് സൊസൈറ്റി, 103/21-22, 22.09.21 | 499740 (157/4.1.22) | 4462 | 6693 | 2231 |
| ആകെ കുറവ് | | | | | | 7029 രൂപ |

7029 രൂപ ഈടാക്കി ആദായനികുതി വകുപ്പിൽ അടവാക്കേണ്ടതാണ്.

1-20 വയോജന കേന്ദ്രം നിർജ്ജീവ ആസ്തിയായി കിടക്കുന്നു

പ്രൊജക്റ്റ് നമ്പർ - 108/21-22,

തൻ വർഷ ചെലവ് - 179847 (ബിൽ നം.280/24.03.22)

നിർവ്വഹണം - അസിസ്റ്റന്റ് എഞ്ചിനീയർ

2019-20 ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച വാർഡ് മൂന്നിലെ ഇരുനില കെട്ടിടമായ വയോജന കേന്ദ്രത്തിന്റെ മുൻ ഭാഗത്ത് ഗ്രിൽ നൽകലും മുകളിൽ ഷീറ്റിടുന്ന പ്രവൃത്തിയും ഇലക്ട്രിഫിക്കേഷനും നടത്തി പ്രവൃത്തി പൂർത്തിയാക്കിയതിന് തൻവർഷം 179847 ചെലവഴിച്ചിട്ടുണ്ട്. 28.10.2022 ന് പഞ്ചായത്ത് അധികൃതരുടെ സാന്നിധ്യത്തിൽ കെട്ടിടം നേരിൽ പരിശോധിച്ചതിൽ ഇരുനില കെട്ടിടത്തിന്റെ പ്രവൃത്തി പൂർത്തിയായെങ്കിലും വൈദ്യുതിയും വെള്ളവും ലഭ്യമായിട്ടില്ല. കെട്ടിടം ഉപയോഗ ശൂന്യമായി കിടക്കുകയാണ്. പ്രൊജക്റ്റിൽ നിർദ്ദേശിച്ച വിധം കെട്ടിടം പ്രയോജനപ്പെടുത്താനാവശ്യമായ നടപടികൾ കൈക്കൊണ്ടതായി കാണുന്നില്ല. ആവശ്യകത കൃത്യമായി നിർണയിക്കാതെയും ഗുണഭോക്താക്കളെ കണ്ടെത്താതെയും പദ്ധതി നടപ്പിലാക്കിയതാണ് അപാകതകൾക്ക് കാരണം. അപാകതകൾക്ക് മറുപടി നൽകേണ്ടതാണ്.

1-21 മേശയും കസേരയും വാങ്ങിയതിൽ നടപടിക്രമം പാലിച്ചില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ്മാസ്റ്റർ

പ്രൊജക്റ്റ് നമ്പർ - 52/2021-22

ചെലവ് - 199986 ( ബിൽ നമ്പർ : 71/21-22തീ.30.09.21)

12 എൽ.പി സ്കൂളുകളിലെ 40 കുട്ടികൾക്ക് മേശയും കസേരയും വിതരണം ചെയ്തതിന് കാഡ്കോ റീജിയണൽ മാനേജർക്ക് 199986 രൂപ നൽകിയിട്ടുണ്ട്. ഒരു ഡ്രോയറും കബോർഡും 18 എം.എം.

നൊവോപാൻ ടോപ്പോട് കൂടിയ 36X 24 X 30 സൈസ് സ്റ്റീൽ ടേബിളും 14 X 14 സൈസ് കുഷ്യൻ സീറ്റുള്ള സ്റ്റീൽ ചെയറുമാണ് കാഡ്കോയിൽ നിന്ന് വാങ്ങിയത്. പദ്ധതി നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) ജി.ഒ (ആർ.ടി) നം.19/2020/എസ് പി ഡി.തീ. 23.10.20 ഖണ്ഡിക മൂന്ന് പ്രകാരം 20.10.2017 ലെ ജി.ഒ (ആർ.ടി) നം.59/2017/എസ് പി ഡി.പ്രകാരം നിശ്ചയിക്കപ്പെട്ട നിരക്കിനേക്കാൾ ഫർണിച്ചറിന്റെ വില അധികരിക്കരുതെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പ്രൈസ് ലിസ്റ്റിൽ ഉൾപ്പെടാത്ത സാധനങ്ങൾ ക്വട്ടേഷൻ / ടെണ്ടർ മുഖേന വാങ്ങേണ്ടതുമാണ്. എന്നാൽ പ്രൈസ് ലിസ്റ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2) ജി.ഒ (ആർ.ടി) നം.19/2020/എസ് പി ഡി.തീ. 23.10.20 ഖണ്ഡിക നാല് പ്രകാരം ഫർണിച്ചറുകൾ പുറത്ത് നിന്ന് വാങ്ങിയതല്ലെന്നും സ്ഥാപനം ഉൽപാദിപ്പിച്ചവയാണെന്നുമുള്ള സർട്ടിഫിക്കറ്റ് കാഡ്കോ മാനേജിംഗ് ഡയറക്ടറിൽ നിന്ന് വാങ്ങി സൂക്ഷിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

മേൽപ്പറഞ്ഞ നിബന്ധനകളൊന്നും പാലിക്കാതെയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ കാഡ്കോയിൽ നിന്ന് നേരിട്ട് സാധനങ്ങൾ വാങ്ങിയിരിക്കുന്നത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. അപാകതകൾക്ക് മറുപടി നൽകേണ്ടതാണ്.

1-22 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മുഴുവൻ മരുന്ന് ലഭിച്ചില്ല

പ്രൊജക്റ്റ് നമ്പർ - 11/2021-22

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ (ഹോമിയോ)

ചെലവ് - 245000 (ബിൽ നം. 4/21-22തീ.11.06.22)

ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങുന്നതിന് റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ നിന്ന് തൻവർഷം 245000 രൂപ ചെലവഴിച്ചിട്ടുണ്ട്. തുക കേരള സംസ്ഥാന ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് തീയതി വരെ മേൽപ്പറഞ്ഞതിൽ 125000 രൂപയുടെ മരുന്ന് മാത്രമാണ് സ്ഥാപനം ലഭ്യമാക്കിയത്. 120000 രൂപയുടെ മരുന്ന് ആശുപത്രിക്ക് ലഭിച്ചിട്ടില്ല. മരുന്ന് യഥാസമയങ്ങളിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയ്യതി | സർട്ടിഫിക്കറ്റ് നം./ തിയ്യതി |
|---|---|---|

| | | |
|---|---|---|
| | | |
| 2021-22 | ഓഡിറ്റ് കാലയളവ് | ഇതേ നമ്പർ സർട്ടിഫിക്കറ്റ് |

## 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 112500 | നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി | 112500 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 60000 | നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി | 60000 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 50000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 50000 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 150000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 150000 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 258542 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 258542 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 180000 | നെൽകൃഷി കൂലിച്ചെലവ് | 180000 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 2960000 | ലൈഫ് ഭവന പദ്ധതി (എസ്.സി) | 2960000 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 132000 | ലൈഫ് ഭവന പദ്ധതി (ജനറൽ) | 132000 |

| | | | | |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2021-22 | 247300 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 247300 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 100000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 100000 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ

| നിർവഹണ എജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ/ ചെക്ക് നമ്പർ | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | ജലജീവൻ മിഷൻ | 55/17.09.21 | 201800 | 0 | 201800 |
| ഭൂജല വകുപ്പ് | അങ്കണവാടികളിൽ കുഴൽ കിണർ നിർമ്മാണം | 253/15.03.22 | 68390 | 0 | 68390 |
| കെ.എസ്.ഇ.ബി | പേരാമ്പ്ര- താനിക്കണ്ടി റോഡിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | 93/26.10.21 | 448750 | 0 | 448750 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | സാമ്പത്തിക വർഷം | തൻവർഷം എടുത്ത വായ്പ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |

| | | | | | | | |
|---|---|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി | | 2021-22 | 1,00,000 | 10321136 | 1114667 | 0 | 9306469 |

4-6 സ്ഥിര നിക്ഷേപം

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഇല്ല

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 3-1 | 2005-06 | 2.70,1.1.2 | പാവടിക്കുന്നുമ്മൽ താഴെ നടപ്പാത | ഒഴിവാക്കാൻ ശിപാർശ ചെയ്തു |
| 2002-03 | 2-1 | 2005-06 | 2.70,1.2.3 | കാഷ് ബുക്ക് പൂർണമല്ല | ഒഴിവാക്കാൻ ശിപാർശ ചെയ്തു |
| 2002-03 | 3-9 | 2005-06 | 2.70,1.3.3 | വനിതാ തൊഴിൽ പരിശീലനം | ഒഴിവാക്കാൻ ശിപാർശ ചെയ്തു |
| 2002-03 | - | 2005-06 | 2.70,1.9.1 | തൊഴിലില്ലായ്മ വേതനം | ഒഴിവാക്കാൻ |

| | | | | | |
|---|---|---|---|---|---|
| | | | | | ശിപാർശ ചെയ്തു |
| 2001-02 | 3-3 | 2005-06 | 2.70,1.9.3 | തൊഴിലില്ലായ്മ വേതനം | ഒഴിവാക്കാൻ ശിപാർശ ചെയ്തു |
| 2001-02 | 2-1 (സി,ഡി) | 2005-06 | 2.70,1.11.6 | രജിസ്റ്ററുകളുടെ സൂക്ഷിപ്പ് പൂർണമല്ല | ഒഴിവാക്കാൻ ശിപാർശ ചെയ്തു |
| 2002-03 | 2 | 2005-06 | 2.70,1.14.2 | നികുതി പിരിവ് അലംഭാവം | ഒഴിവാക്കാൻ ശിപാർശ ചെയ്തു |
| 2015-16 | 2-4 | 2016-17 | അനുബന്ധം 5 | തൊഴിൽ നികുതി അപാകതകൾ | |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ഓഡിറ്റ് റിപ്പോർട്ട് വർഷം | സർചാർജ് നം | ഖണ്ഡിക നം | തുക | റിമാർക്സ് |
|---|---|---|---|---|
| 2007-08 | സർചാർജ് സർട്ടിഫിക്കറ്റ് നം. എൽ.എഫ്. 11113/സ്പെ.സെൽ/ സി.എസ് സി | 3-9 (ഭാഗികം) | 3490<br>3490<br>3490<br>3490<br>3490 | ഈടാക്കിയ വിവരം ലഭ്യമല്ല. |

| | | | | | |
|---|---|---|---|---|---|
| | ഡി2/2013<br>തീയതി-16.2.15 | | ആകെ<br>17450 | | |

4-10 ഓഡിറ്റ് പ്രത്യവവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 65276828 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 58218362 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 294372 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ഇല്ല | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 294372 | ഷാജി.എം.സ്റ്റീഫൻ, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | തുക |
|---|---|
| 1-19 | 7029 |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന്

ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഷാജി.എം.സ്റ്റീഫൻ, സെക്രട്ടറി | കൂത്താളി ഗ്രാമ പഞ്ചായത്ത്, സെക്രട്ടറി | മടിക്കയാങ്കൽ വീട്, കായണ്ണ പി.ഒ, 673526 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | ഖണ്ഡികകളുടെ വിശദാംശങ്ങൾ |
|---|---|---|---|
| 2006-07 | കെ.എസ്.എ.കെ.കെ.ഡി.പി4/ 528/2018(2) തിയതി-30.04.18 | 1 | 3-10 |
| 2007-08 | കെ.എസ്.എ.കെ.കെ.ഡി.പി7/ 1653/2019 തിയതി-29.06.20 | 5 | 3-9,3-11,3-12, 3-20,3-21 |
| 2008-09 | കെ.എസ്.എ.കെ.കെ.ഡി.പി7/ 1290/2021 തിയതി-8.04.22 | 1 | 3-8 |
| 2010-11 | കെ.എസ്.എ.കെ.കെ.ഡി.പി7/ 1289/2022 തിയതി-06.04.22 | 2 | 3-3, 3-8 |

| | | | |
|---|---|---|---|
| 2011-12& 2012-13 | കെ.എസ്.എ.കെ.കെ.ഡി പി4/528/ 18(7) തിയതി 30-04-18 | 3 | 3-5,3-19,3-20 |
| 2013-14& 2014-15 | കെ.എസ്.എ.കെ.കെ. ഡി.പി7/1288/ 2021 തിയതി-16.04.22 | 3 | 3-1, 3-4, 3-13 |
| 2015-16 | കെ.എസ്.എ.കെ.കെ. ഡി. പി7/1652/ 2019 തീയതി-22.06.20 | 3 | 2-4,3-3,3-8 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി. പി7/1287/2021 തിയ്യതി-13.10.21 | 2 | 3-8,3-13 |
| 2017-18 | കെ.എസ്.എ.കെ.കെ. ഡി.പി7/ 1833/ 2021 തിയതി-04.02.22 | 13 | 1-12(3),1-12(4), 2-1, 3-1, 3-3,3-4, 3-8,3-9,3-10,3-13, 3-14,3-16,3-17,3-18 |
| 2018-19 | കെ.എസ്.എ.കെ.കെ. ഡി.പി7/1834/ 2021 തിയതി-7.02.22 | 13 | 1-11-3, 1-11-4, 1-12-1, 1-12-4,1-13-4,1-13-5, 1-13-6,1-13-8,1-13-9, 1-13-10,1-13-11,1-13-13, 1-13-14, |
| 2019-20 | കെ.എസ്.എ.കെ.കെ. ഡി.പി7/1133/2021 തിയതി-16.10.21 | 12 | 1-12, 1-13, 1-14, 1-16,1-17,1-22,1-23, 1-24,1-26,1-28, 1-30,4-11 |
| 2020-21 | കെ.എസ്.എ.കെ.കെ.ഡി.പി7/ 923/2022 തിയ്യതി-18.05.22 | 30 | 1-1 To 1-30 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ കുത്താളി ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ കുത്താളി ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്